ഖുത്ബ
**28.01.2005**
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# ഫ്രാൻസ്, സ്പെയ്ൻ പര്യടനം.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ 178 രാഷ്ട്രങ്ങളിൽ ജമാഅത്ത് നിലവിൽ വന്നിട്ടുണ്ട്. ജമാഅത്തംഗങ്ങൾ ഓരോ രാജ്യത്തും ഓരോ സ്ഥലത്തും ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും ഒരാൾ മറ്റൊരാളെക്കാൾ മുൻകടക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഓരോ രാജ്യത്തിലേയും ജമാഅത്ത് തങ്ങളുടെ നാട്ടിൽ ഖലീഫത്തുൽ മസീഹിന്റെ പര്യടനം ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരാണ്. കാരണം, ഖലീഫത്തുൽ മസീഹിന്റെ സന്ദർശനം കൊണ്ട് ജമാഅത്ത് പ്രവർത്തനങ്ങളിൽ വേഗം കൂടുന്നു.

കഴിഞ്ഞ ദിവസം നൈജീരിയായിലെ അമീർസാഹിബും മറ്റൊരു നൈജീരിയൻ സ്നേഹിതനും ഇവിടെ വന്നിരുന്നു. ഖലീഫമാരുടെ പര്യടനത്തിനുശേഷം ജമാഅത്തുകളിൽ പ്രത്യേകമായ നല്ല മാറ്റം ഉണ്ടാകാറുണ്ടെന്ന് അവർ പറഞ്ഞു. കഴിഞ്ഞ വർഷം അങ്ങ് നടത്തിയ പര്യടനത്തിനുശേഷവും ജമാഅത്തുകളിൽ പ്രത്യേകമായ അഭിനിവേശം കാണുന്നുണ്ട്. അൽഹംദുലില്ലാഹ്, ജമാഅത്തിന് ഖിലാഫത്തിനോടുള്ള ആത്മാർത്ഥതയും കൂറും കാരണത്താൽ, ഈ പര്യടനം കൊണ്ട് തങ്ങളുടെ ഉള്ളിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നു. പക്ഷെ, ഈ മാറ്റങ്ങളെ സുസ്ഥിരമായി തങ്ങളുടെ ഉള്ളിൽ നടപ്പിൽ വരുത്തുമ്പോഴാണ് അതുകൊണ്ട് നേട്ടമുണ്ടാകുന്നത്. അല്ലാതെ, കുറച്ചുനാളുകൾക്കുശേഷം അറച്ചുനിന്നു പോകുകയും മാറ്റങ്ങളുടെ സ്വാധീനം മാറി മറയുകയും ചെയ്യാൻ പാടില്ല. അറച്ചുനിന്നുപോയാൽ, പിന്നോട്ടടിക്കുക എന്ന അപകടവും ഉണ്ടാകാം. അതുകൊണ്ട് ചുവട് മുന്നോട്ടുചലിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ, അത് നിത്യജീവിതത്തിന്റെ ഭാഗമായിത്തീരേണ്ടതാണ്. വേഗം കുറഞ്ഞും കൂടിയുമിരിക്കാം. എന്നാൽ, ചുവട് ഒരിക്കലും നിലച്ചുപോകരുത്.

സ്നേഹത്തോടെ നിങ്ങളെ മുന്നോട്ടുതള്ളി നീക്കാനും പിന്നീട് നിങ്ങൾ സ്വയം ചലിക്കാനും വേണ്ടി ഓരോ വർഷവും എല്ലാ രാജ്യവും സന്ദർശിക്കുക എന്നത് സാധിക്കുന്ന കാര്യമല്ല, ഒരുപാട് രാജ്യങ്ങളിലെ അവസ്ഥകളും, അവിടത്തെ ചില നിർബന്ധകാര്യങ്ങളും കൊണ്ട് ആ രാജ്യത്ത് സന്ദർശനം നടത്താൻ സാധിക്കാതെ വരുന്നു. എല്ലാ രാജ്യങ്ങളും പര്യടനം പ്രതീക്ഷിച്ചിരിക്കുകയാണെങ്കിൽ, ഏതൊരു ഉദ്ദേശ്യസാഫല്യത്തിനുവേണ്ടിയാണോ നാം ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചിട്ടുള്ളത്, ആ ഉദ്ദേശ്യ സാഫല്യം വലിയ ദുഷ്കരമായിത്തീരും.

സ്വന്തം ഉള്ളിലും പരിശുദ്ധമായ മാറ്റം ഉണ്ടാക്കുകയും ഈ സന്ദേശം മുന്നോട്ടെത്തിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം. അല്ലാഹുതആല ഇപ്പോൾ എം.ടി.എയുടെ അനുഗ്രഹം നമുക്ക് നല്കിയിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പഠിപ്പിച്ച യഥാർത്ഥ ഇസ്‌ലാമിക അധ്യാപനം അതുമുഖേന ഖലീഫത്തുൽ മസീഹിന്റെ ശബ്ദത്തിലൂടെ ഓരോരുത്തരിലും എത്തിക്കൊണ്ടിരിക്കുന്നു. ഈ ശബ്ദം എത്തുന്നതിന് ഒരു തടസ്സവും ഇല്ല. ഇതിനായി ഒരു രാജ്യത്തെയും വിസ ആവശ്യമില്ല. ഇതുമുഖേന ഏതെങ്കിലും രാജ്യത്തെ മുല്ലാക്കയുടെ ഇഷ്ടത്തിനനുസരിച്ച് പ്രസംഗങ്ങൾ ചെയ്യേണ്ട ആവശ്യവുമില്ല. ഇത് വായുവിലെ തിരകളിലൂടെ ഓരോ വീട്ടിലും ഓരോ നഗരത്തിലും അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതുപോലെ തനതായ നിലയിൽതന്നെ അതിറങ്ങുന്നു; ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മോടു പറഞ്ഞതുപോലെ തന്നെ. അതുകൊണ്ട് ഏതൊരു മാറ്റമാണോ ഉണ്ടാക്കിയിട്ടുള്ളത്, അതിനെ താൽക്കാലികമാക്കിത്തീർക്കാതെ, അത് ജീവിതത്തിന്റെ ഭാഗമായിത്തീരേണ്ടതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശത്തെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയും ചുറ്റുമുള്ളവരോടു അതു പറയുകയും ചെയ്യുക. ഈ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കാൻ അവരോടു പറയുക. അഹ്മദിയ്യത്തിന്റെ സന്ദേശം എത്താത്ത ഒരു സ്ഥലമുണ്ടാകുകയും, അവിടെത്തുകാർ എന്തുകൊണ്ടു ഞങ്ങളെ ഈ സന്ദേശം എത്തിച്ചില്ലാ എന്നു പരാതിപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ ഉണ്ടാകരുത്. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് ചെയ്ത വാഗ്ദാനമാണ്, അവിടത്തെ സന്ദേശം ലോകത്ത് പരക്കണമെന്നത്. അതു തീർച്ചയായും പരക്കണം ഇൻശാ അല്ലാഹ്. ഒരു ശക്തിയ്ക്കും അതിന്റെ വ്യാപനത്തെ തടുക്കാൻ സാധ്യമല്ല. അവിടന്ന് പറയുന്നു:

ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടുംകൂടി ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ. ഞാൻ സത്യപാതയിൽതന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്ത ദൃഷ്ടിയിൽ നോക്കിക്കാണുന്നു. ഇതാ, ഞാൻ അതിമഹത്തായ ഒരു വിജയത്തെ കൈവരിക്കാൻ അടുത്തിരിക്കുകയാണ്.

എന്റെ നാവിന് പിൻബലമായി മറ്റൊരുനാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകം അത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അതു എന്റെ ഓരോരോ വാക്കിനും ഓരോരോ അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവയെപോലെ എഴുന്നേല്പിച്ചുനിറുത്തി. തൗബ അഥവാ പശ്ചാത്താപത്തിന്റെ വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോടു പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ?

അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദിന്റെ വിജയം വിധിക്കപ്പെട്ടതാണ്. അവിടത്തെ അധ്യാപനങ്ങൾ ലോകത്ത് പരക്കേണ്ടതുണ്ട്. എന്നാൽ, ഈ സന്ദേശം എത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടേയും ഫർസ് അഥവാ നിർബന്ധകടമയാണ്. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ പ്രത്യേകിച്ചും മുൻകാലങ്ങളിൽ പരിശ്രമിച്ചുകൊണ്ടിരുന്നതുപോലെ വീണ്ടും പ്രവർത്തിച്ചു തുടങ്ങുക. സുസംഘടിതമായ നിലയിൽ മുമ്പേ അഹ്മദിയ്യത്തിന്റെ സന്ദേശം അവിടെ എത്തിച്ചിരുന്നതുപോലെ, ഇപ്പോഴും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുക. തർബിയ്യത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുവേണ്ടിയും ശ്രമിക്കുക. സ്വന്തം നാട്ടിലെ സൗഭാഗ്യരായ എല്ലാ ആളുകളേയും നബി(സ)യുടെ സത്യദാസരാക്കിത്തീർക്കുക. ആകാശത്തിന്റെ അനന്തകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നുവെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ദൈവിക സഹായം ജനങ്ങളുടെ ഹൃദയങ്ങളിലും ഇറങ്ങിക്കൊണ്ടിരിക്കുന്നു. അല്ലാഹു തആല വിവിധ മാർഗ്ഗങ്ങളിലൂടെ മുന്നറിയിപ്പുകൾ നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ കാഴ്ചയും ഓരോയിടത്തും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കാഴ്ചകൾ കൊടുങ്കാറ്റിന്റെയും ഭൂകമ്പത്തിന്റെയും രൂപത്തിൽ കാണാൻ കഴിയുന്നു. ദൈവത്തെ മറന്നുപോയ കാരണത്താൽ മനുഷ്യൻ മനുഷ്യനെതിരിൽ അക്രമപരമായ ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഒരു രാജ്യത്തിലെ നഗരത്തിൽ വസിക്കുന്നവർ അക്രമപരമായ നിലയിൽ പരസ്പരം കൊല ചെയ്യുന്നു. അതും ദൈവ ത്തെ മറന്നതുകൊണ്ടാണ്. മുസ്ലിംകൾ എന്നവകാശപ്പെടുന്നവരും ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് അത്ഭുതകരമായ കാര്യം. സമാധാനത്തിന്റെ ധ്വജവാഹകർ എന്നവകാശപ്പെടുന്ന പാശ്ചാത്യർ സമാധാനത്തിന്റെ പേരിൽ രാജ്യങ്ങളിലെ ജനങ്ങളെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്നു; നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം പൈസകൊണ്ട് ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങളെ സഹായിക്കുന്നതിനുപകരം, അവരുടെ വിശപ്പകറ്റുന്നതിനുപകരം, ആ പൈസകൊണ്ട് നാശം വിതയ്ക്കുകയാണ്. അതുകൊണ്ട് ഇതെല്ലാംതന്നെ, അത് പ്രകൃതി ദുരന്തങ്ങളാണെങ്കിലും വേണ്ടില്ല, അല്ലാഹു ഹൃദയങ്ങൾ കാഠിന്യമുള്ളതാക്കിയതുകൊണ്ട് മനുഷ്യൻ തന്റെ കഴിവുകൾ മറന്നുപോയതുകൊണ്ടുള്ളതായാലും വേണ്ടില്ല, പരസ്പരം മൃഗങ്ങളെപ്പോലെ കടിച്ചുകീറാൻ തുടങ്ങിയിരിക്കുകയാണ്. ഇതിനെല്ലാം കാരണം മനുഷ്യൻ അല്ലാഹുവിനെ മറന്നതാണ്. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാതെ നിഷേധിക്കുന്നു. അല്ലെങ്കിൽ ദൈവത്തെ ഭയപ്പെടേണ്ടിടത്ത് മനുഷ്യരെ ഭയക്കാൻ തുടങ്ങി. വാസ്തവത്തിൽ എന്നെ ഭയക്കുക എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. മനുഷ്യനെ തന്റെ ദാസനാക്കുന്നതിനുവേണ്ടി, അവനെ നന്നാക്കിയെടുക്കുന്നതിനുവേണ്ടി അല്ലാഹു ഓരോ കാലത്തും തന്റെ പ്രത്യേക ദാസരെ നിയോഗിക്കാറുണ്ട്. നമുക്കറിയാം. ഇക്കാലത്തും അല്ലാഹുതആല മസീഹ് മൗഊദിനെ അയച്ചത് ഇതിനുവേണ്ടിത്തന്നെയാണ്. ദൈവത്തെ മറന്ന് കുത്തിയിരിക്കുന്ന ലോകത്തെ ദൈവത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി. ഇന്ന് ഈ സന്ദേശം നല്കിക്കൊണ്ട് ഓരോ അഹ്മദിയും, ഏകനായ അല്ലാഹുവിനെ ജനങ്ങൾക്ക് പരിചയപ്പെടുത്തികൊടുക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ അഹ്മദിയും തങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കേണ്ടതുണ്ട്. സ്വന്തം ഉള്ളിലും പരിശുദ്ധമായ മാറ്റങ്ങൾ ഉണ്ടാക്കുക സ്വന്തത്തെ തഖ്വയുടെ പരമമായ നിലവരെ എത്തിക്കുക. ഈ മനോഹരമായ പാഠം ലോകർക്കും പറഞ്ഞുകൊടുക്കുക. അതുകൊണ്ട്, ഖലീഫത്തുൽമസീഹിന്റെ പര്യടനത്തിനുശേഷം നമുക്കു നമ്മുടെ പ്രവർത്തനം ശക്തിപ്പെടുത്താം എന്ന വിചാരത്തിൽ ലോകത്തെ ഒരഹ്മദിയും പ്രതീക്ഷിച്ചിരിക്കരുത്. ആകാശത്തിലും വമ്പിച്ച കോളിളക്കം നടന്നുകൊണ്ടിരിക്കുന്നുവെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാലമാണിത്. അതുകൊണ്ട് പ്രവർത്തനത്തിൽ മുന്നോട്ടുകുതിയ്ക്കുക. ലോകത്ത് അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ സഹായികളായിത്തീരുക. അല്ലാഹു തന്റെ സന്ദേശം എത്തിക്കുന്നവർക്കുവേണ്ടി വെച്ചിട്ടുള്ള അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുക. എന്തായാലും ഈ പ്രവർത്തനം നടക്കുന്നതു തന്നെയാണ്. ഇൻശാഅല്ലാഹ്. തന്റെ അനുഗ്രഹത്തിന്റെ അവകാശിയാക്കാൻ വേണ്ടിയാണ് അല്ലാഹു നമുക്കു അവസരം നല്കിയിരിക്കുന്നത്.

ഞാൻ ഓരോ നാട്ടിലും പര്യടനം നടത്തണമെന്നും അവരുടെ പ്രവർത്തനം അങ്ങനെ ശക്തി

പ്പെടണമെന്നും അവിടെത്തെ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. അതുണ്ടാകും ഇൻശാഅല്ലാഹ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. പക്ഷേ, ഈ പ്രവർത്തനം മുടങ്ങാതെ മുന്നോട്ടു പോകേണ്ടതാണ്. ഖിലാഫത്തുമായുള്ള ബന്ധവും ഈ പര്യടനം മുഖേന ശക്തിപ്പെടും എന്നതിലും സംശയമൊന്നുമില്ല. എന്നാൽ, ഖലീഫ വന്നാൽ പ്രവർത്തനം നടക്കും എന്ന പ്രതീക്ഷയിൽ നമുക്കിരിക്കാൻ പറ്റുകയില്ല. അദ്ദേഹം നേരിട്ട് നമ്മോടു പറഞ്ഞാൽ പ്രവർത്തനം നടക്കും എന്നും കാത്തിരിക്കാൻ പറ്റുകയില്ല. പ്രവർത്തനം എന്തായാലും മുടങ്ങാതെ നടന്നുകൊണ്ടിരിക്കേണ്ടതാണ്. എന്റെ പര്യടനവുമായി ബന്ധപ്പെട്ടകാര്യം പറയുമ്പോൾ, കഴിഞ്ഞവർഷം സാധിക്കുന്നത്ര രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ജമാഅത്തിലെ ആത്മാർത്ഥരായ ജനങ്ങളുടെ ദുആ സ്വീകരണത്തിന്റെ കാഴ്ചകളും കണ്ടു. ഞാൻ പറയുകയുണ്ടായി, ഹസ്റത്ത് മസീഹ് മൗഊദിന്റെ ജമാഅത്തിനെ ലോകത്ത് വിജയിപ്പിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നമുക്കു അവസരം നല്കി ആ അനുഗ്രഹങ്ങളുടെ അവകാശികളാക്കുന്നു എന്നത് അല്ലാഹുവിന്റെ കൃപയാണ്. കഴിഞ്ഞ ദിനങ്ങളിലെ പര്യടനത്തെക്കുറിച്ചും അല്പം ഞാൻ പറയാം. ഫ്രാൻസിലും സ്പെയ്നിലും പര്യടനം നടത്താനും അവിടെത്തെ ജൽസയിൽ പങ്കെടുക്കാനും സൗഭാഗ്യം കിട്ടി. അവിടെയും അല്ലാഹുവിന്റെ സഹായങ്ങളുടെ അസംഖ്യം കാഴ്ചകൾ കണ്ടു. ഇതിൽ നമ്മുടെ പരിശ്രമവും തന്ത്രവും സൂത്രവുമൊക്കെയുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അയാൾ കളവു പറയുന്നവനാണ്. ഫ്രാൻസിലെ ജൽസയിൽ, അവിടെത്തെ രാഷ്ട്രനേതാക്കന്മാരും മറ്റു മന്ത്രിമാരും സന്ദേശമയക്കുമെന്ന് അവിടെത്തെ അഹ്മദികൾ പോലും പ്രതീക്ഷിച്ചിരുന്നില്ല. അതിൽ ഒരു മനുഷ്യകൈകടത്തലും ഉണ്ടായിട്ടില്ല. പ്രത്യേകിച്ച് പാശ്ചാത്യൻ രാഷ്ട്രങ്ങളിൽ മുസ്ലിംകൾക്കെതിരെ നടപടി യെടുത്തുവരുന്ന ഇക്കാലത്ത് ഇങ്ങനെയുണ്ടാവുക എന്നത് അത്ഭുതം തന്നെയാണ്. ജൽസയ്ക്ക് കുറച്ചു ദിവസം മുമ്പേ അവിടെത്തെ വിദേശകാര്യമന്ത്രി, ഫ്രാൻസിലെ അമീർസാഹിബിനെ വിളിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. പലരും ചേർന്ന ഒരു പാനലായിരുന്നു അതെന്ന് അദ്ദേഹം പറയുന്നു. അവരുടെ ചോദ്യങ്ങളുടെ മട്ട് കണ്ടപ്പോൾ അവർ നമ്മുടെ ജൽസയിലും തടസ്സമുണ്ടാക്കും എന്ന് തോന്നിയതായി അമീർ സാഹിബ് പറഞ്ഞു.

പിന്നെ നമ്മുടെ മിഷൻ ഹൗസ് നിലകൊള്ളുന്ന സ്ഥലവും ജൽസ നടന്ന സ്ഥലവും മതവുമായി വളരെ കുറച്ചുമാത്രം ബന്ധമുള്ളവരുടെ നാടാണ്. മുസ്ലിംകൾക്കെതിരെയുള്ള പ്രവർത്തനാന്തരീക്ഷമാണ് അവിടെ നില കൊള്ളുന്നത്. അവിടെയും ജനങ്ങൾ ആക്ഷേപം ഉന്നയിക്കുകയും ജൽസയിൽ തടസ്സമുണ്ടാക്കുകയും ചെയ്യുമോ എന്ന ഭയം സംഘാടകർക്കുണ്ടായിരുന്നു. ഇവിടെത്തെ മേയറാണെങ്കിൽ ദീർഘകാലം നമ്മുടെ എതിരാളിയായിരുന്നു. കുറച്ചുവർഷം മുമ്പേ മിഷൻഹൗസും മസ്ജിദും അദ്ദേഹം സീൽ ചെയ്തിരുന്നു. മസ്ജിദിന് സീൽവെച്ചുവെന്ന് മാത്രമല്ല, ചെരുപ്പിട്ടുകൊണ്ട് പള്ളിയുടെ ഉള്ളിൽ കടക്കുകയും ചെയ്തിരുന്നു. നമ്മുടെ ആളുകളെ ഒരുപാട് അനാവശ്യങ്ങൾ പറഞ്ഞു. ജമാഅത്തിനെയും അധിക്ഷേപിച്ചു. ജമാഅത്ത് അദ്ദേഹത്തേയും ജൽസയിലേക്ക് ക്ഷണിച്ചിരുന്നു. അദ്ദേഹം എന്താണ് ചെയ്യുക എന്ന ഭയവും നമുക്കുണ്ടായിരുന്നു. വിദേശകാര്യമന്ത്രാലയവും ജൽസയിൽ തങ്ങളുടെ പ്രതിനിധിയായി പങ്കെടുക്കാൻ അദ്ദേഹത്തിനോട് പറഞ്ഞിട്ടുണ്ടാകണമെന്ന് അവർ കരുതുന്നു. എന്തായാലും കുറച്ചുനേരത്തേക്ക് തീർച്ചയായും വരുമെന്ന് മേയർ പറഞ്ഞിരുന്നു. പിന്നീട് തന്റെ നിലപാട് മാറ്റി, അവസാനത്തെ സെഷൻ തീരുന്നതുവരെ അദ്ദേഹം അവിടെ ഇരുന്നു. പള്ളിയിൽ ചെരുപ്പിട്ട് കയറിയിരുന്ന അദ്ദേഹം സ്റ്റേജിൽ കയറിയത് ചെരുപ്പ് അഴിച്ചുവെച്ചിട്ടാണ്. പിന്നീട് തന്റെ സന്ദേശവും കേൾപ്പിച്ചു. ഫ്രഞ്ചുഭാഷയിൽ എന്റെ പ്രസംഗത്തിന്റെ തർജമയും അദ്ദേഹം കേട്ടു. പോകുമ്പോൾ ഈ പ്രസംഗം എഴുതി എനിക്കുതരണമെന്ന് അമീർസാഹിബിനോടു അദ്ദേഹം പറയുകയും ചെയ്തു. താനത് വിദേശകാര്യമന്ത്രാലയത്തിന് കൊടുക്കുമെന്നും, ഇസ്ലാമിന്റെ ഈ വശം ആദ്യമായിട്ടാണ് കേൾക്കാനും കാണാനും കഴിഞ്ഞതെന്നും അറിയിച്ചു. നിങ്ങളുടെ പ്രവർത്തനത്തിന് എപ്പോഴും സഹായിയെന്ന നിലയിൽ നിങ്ങളോടൊപ്പം ഞാനുണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ മാറ്റങ്ങൾ, ഈ മനസ്സിനെ തിരിക്കൽ അല്ലാഹുവിൽനിന്ന് മാത്രമെ നടക്കുകയുള്ളു. എം.ടി.എ മുഖേന ഖാദിയാനിലുള്ളവർ ഇവിടെത്തെ കാഴ്ചകൾ കാണുന്നതും, ഞങ്ങളവിടെ ഇരുന്ന് ഖാദിയാനിലെ കാഴ്ചകൾ കാണുന്നതും അദ്ദേഹത്തിൽ വലിയ സ്വാധീനമുണ്ടാക്കി. ജമാഅത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ആയിരക്കണക്കിന് കിലോമീറ്ററുകൾ ദൂരമുണ്ടായിട്ടും ഇരുകൂട്ടരും ഇതിൽ നിന്ന് ഫലമെടുക്കുന്നത്. ഇതാണ് ഐക്യം. ഇതു നിലനിറുത്തുന്നതിനുവേണ്ടിയാണ് ഹസ്റത്ത് നബി(സ)യുടെ ദാസനായ മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചത്; എല്ലായിടത്തുനിന്നും ഒരേ രീതിയിൽ ഏകനായ അല്ലാഹുവിന്റെ നാമം ഉയരുക. ഈ പര്യടനം മുഖേന ദീനീപരമായ നേട്ടങ്ങൾ അല്ലാഹു നല്കിയതോടൊപ്പം അല്ലാഹുതആല അന്യരുടെ മേലും ഇസ്ലാമി ന്റെ സവിശേഷമായ ഗുണങ്ങൾ സ്വാധീനം ചെലുത്തുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ എല്ലാ സ്വാധീനവും റുഅ്ബ് അഥവാ മറ്റുള്ളവരിൽ നമ്മെക്കുറിച്ച് ഉണ്ടാകുന്ന ആദരയുക്തമായ ഭയവും അല്ലാഹുവിന്റെ

നിശ്ചയപ്രകാരമാണുണ്ടാകുന്നത്. ഇതിനെക്കുറിച്ചാണ് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് വാഗ്ദാനം ചെയ്തത്. 'നുസർത്തു ബിർറുഅ്ബി' എന്ന വെളിപാടും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായിട്ടുണ്ട്.

ഫ്രാൻസിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൊറാക്കോയിലേയും ദ്വീപുകളിലേയും ചില ചെറിയ രാജ്യങ്ങളിലേയും ജനങ്ങളും അഹ്മദികളാകുന്നുണ്ട്. ഫ്രാൻസിലെ ജമാഅത്ത് ഇക്കാര്യത്തിൽ വളരെ നല്ല പ്രവർത്തനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവരെയൊക്കെ സൂക്ഷിച്ചുമുന്നോട്ടുകൊണ്ടുപോകാൻ അല്ലാഹു ഇവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഒരു ദീർഘകാലത്തിനുശേഷം അവർക്ക് മുബല്ലിഗിനേയും കിട്ടിയിരിക്കുന്നു. കൂടുതൽ നേട്ടങ്ങൾ അവിടെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞവർഷവും ഞാൻ അവിടെ പോയപ്പോൾ നേരിട്ട് ബയ്അത്ത് നടന്നിരുന്നു. ഈ വർഷവും ബയ്അത്ത് നടന്നു. സ്വിറ്റ്സർലാന്റിലെ കഴിഞ്ഞവർഷത്തെ ജൽസാ പരിപാടികൾ ശ്രവിച്ച ചില സ്വിറ്റ്സർലാന്റിൽനിന്നുള്ള ആളുകളും ഇപ്രാവശ്യം ഇവിടെ ബയ്അത്തു ചെയ്യാൻ വന്നിരുന്നു. ഇങ്ങനെ ഫ്രാൻസിൽ രണ്ടുദിവസം ബയ്അത്തു നടന്നു. മൊറോക്കോയിലേയും അൽജസായിറിലേയും സ്ത്രീകളിലും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നരായവരിലും മതവിശ്വാസമുണ്ട്. വളരെ ആത്മാർത്ഥതയോടും കൂറുപുലർത്തിക്കൊണ്ടും ബയ്അത്തിന്റെ നിബന്ധനകൾ ജീവിതത്തിൽ പാലിക്കുന്നു. വളരെയധികം എതിർപ്പുകൾ സഹിക്കുന്നവരായിട്ടും തങ്ങളുടെ കുടുംബാംഗങ്ങളേയും അവർ തബ്ലീഗ് ചെയ്യുന്നു. ബന്ധുക്കളെയും തബ്ലീഗ് ചെയ്യുന്നു. തങ്ങളുടെ കുടുംബാംഗങ്ങളും അഹ്മദിയ്യത്തു സ്വീകരിച്ച് സ്വയം തങ്ങളെ നന്നാക്കിത്തീർക്കുന്നവരായിത്തീരാൻ പ്രാർത്ഥിക്കണമെന്ന് സങ്കടത്തോടെ പറയുന്നു. വിദ്യാസമ്പന്നരായ, യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന പല സ്ത്രീകളും പെൺകുട്ടികളും, ഞങ്ങളുടെ മാതാവും പിതാവും സഹോദരങ്ങളും അഹ്മദിയ്യായിത്തീരാൻ ദുആ ചെയ്യണമെന്ന് കരഞ്ഞുകൊണ്ട് എന്നോടു പറഞ്ഞു.

നിങ്ങളുടെ മാതാക്കളെ എങ്ങനെയെങ്കിലും ജൽസയിൽ കൊണ്ടുവരാൻ ഒന്നുരണ്ടു പെൺകുട്ടികളോടു ഞാൻ പറഞ്ഞു. അടുത്ത ദിവസം അവർ കൊണ്ടുവരികയും ചെയ്തു. പിന്നീട് ആ മാതാക്കളുമായി കൂടിക്കാഴ്ചയും നടന്നു. മൂന്നാല് പെൺകുട്ടികളുടെ ഉമ്മമാരാണ് വന്നിരുന്നത്.അനഹ്മദി മുസ്ലിംകളായ ആ ഉമ്മമാരോട്, നിങ്ങളുടെ പെൺകുട്ടികൾ അഹ്മദികളാണ്, നിങ്ങൾ അവരെ എതിർക്കുന്നത് അഹ്മദിയ്യത്ത് സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താലാണ്. നിങ്ങൾ ഇവിടത്തെ ജൽസ കണ്ടു. ഇവിടെ ഇസ്ലാമിക വിരുദ്ധമായ എന്തു പാഠമാണ് കണ്ടതെന്ന് എനിക്കു പറഞ്ഞുതരിക. പറഞ്ഞു: ഒന്നും കണ്ടില്ല. എന്നല്ല, ഇവിടെ നടക്കുന്നതെല്ലാം ഇസ്ലാമികാധ്യാപനപ്രകാരം തന്നെയാണ്. ഞാൻ പറഞ്ഞു, നിങ്ങൾ ഇവിടെ കണ്ടതും കേട്ടതും തങ്ങളുടെ അധ്യാപനത്തിന്റെ ഭാഗമാണ്. നിങ്ങൾക്ക് നിങ്ങളുടെ പെൺമക്കളേയും അറിയാം. തീർച്ചയായും, അവർ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുമുമ്പേയുള്ള അവരുടെ ദീനിപരമായ അവസ്ഥ നിങ്ങൾ അറിയുന്നവരാണ്. ഇപ്പോഴത്തെ അവസ്ഥയും നിങ്ങൾ കാണുന്നു. മുസ്ലിംകളായ മറ്റുകുട്ടികളും നിങ്ങൾക്കുണ്ട്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം നിങ്ങളുടെ പെൺകുട്ടിയുടെ ദീനിപരമായ അവസ്ഥ നന്നായോ മോശമായോ എന്ന് നിങ്ങൾ പറയുക. മൂന്നു സ്ത്രീകൾ ഉണ്ടായിരുന്നു. അവർ പറഞ്ഞു: അഹ്മദിയ്യത്ത് സ്വീകരിച്ച ഞങ്ങളുടെ പെൺമക്കൾ മറ്റുകുട്ടികളെ അപേക്ഷിച്ച് വീട്ടിൽ ഇസ്ലാമിന്റെ പ്രവർത്തനപരമായ മാതൃകയാണ്. നിങ്ങളെന്തിനാണ് അവരെ പീഡിപ്പിക്കുന്നതെന്ന് അപ്പോൾ ഞാൻ ചോദിച്ചു. ഇതിൽ നിങ്ങളുടെ മറ്റുകുട്ടികളും കുടുംബക്കാരുമെല്ലാം ചേരേണ്ടതല്ലേ.

എന്തായാലും അവരുടെ ഹൃദയം വളരെ മൃദുവായിത്തീർന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുമെന്ന് ചിലർ പറഞ്ഞു. ഒരു സ്ത്രീ താൻ ബയ്അത്തു ചെയ്യുമെന്ന് ഉടനെ പറഞ്ഞു. അല്ലാഹു തആല അവന്റെ അനുഗ്രഹത്താൽ ചെറിയ കാര്യങ്ങൾ കൊണ്ട് ഹൃദയത്തെ മാറ്റി മറിയ്ക്കാറുണ്ട്. ഇവരിൽ മാന്യതയുണ്ട്. മൗലവിയെകൂടുതൽ ഭയക്കുകയും അല്ലാഹുവിനെ കുറച്ചുഭയക്കുകയും ചെയ്യുന്നവരല്ല ഇവർ. അവർ പോകുന്നതിനുമുമ്പേ അവരിലധികം പേരുടെയും മനസ്സ് വളരെ മൃദുവായിക്കഴിഞ്ഞിരുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുമെന്ന് മാത്രമല്ല അവർ പറഞ്ഞത്, ഈ അഹ്മദിപെൺകുട്ടികളോടു മൃദുവായി പെരുമാറുമെന്നും അവർ പറഞ്ഞു. ഈ ബയ്അത്തു ചെയ്ത എല്ലാവരുടെയും പാദങ്ങൾ അല്ലാഹു ഉറപ്പിച്ചു നിറുത്തുമാറാകട്ടെ.

അതിനുശേഷമായിരുന്നു സ്പെയിനിലെ പര്യടനം. സ്പെയിനും യൂറോപ്പിന്റെ ഭാഗമാണ്. പക്ഷേ, എനിക്ക് യൂറോപ്പിനെക്കാൾ വ്യത്യസ്തമായിട്ടാണ് തോന്നിയത്. സ്പെയിനിൽ പോയിട്ടുള്ളവരിൽ മിക്കവരുടെയും അഭിപ്രായം ഇതുതന്നെയാണ്. ഇവിടെ 6,8 നൂറ്റാണ്ടുകൾ മുമ്പ് വരെ ഇസ്ലാമിക ഭരണമാണ്. ഇവിടെ ഏകനായ അല്ലാഹുവിന്റെ നാമം ഉയർത്തുന്നതിനുവേണ്ടി, ഒരു നഗരത്തിൽ നൂറുകണക്കിന് പള്ളികളുണ്ടായിരുന്നു. ഇവിടെനിന്നും അഞ്ചുനേരവും *അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ് അശ്ഹദു അന്ന മുഹമ്മദുർറസൂലുല്ലായുടെ* ശബ്ദം ഉയർന്നിരുന്നു. ഇപ്പോൾ ഈ പള്ളികൾ, ഒന്നുകിൽ തകർത്തുകളയുകയോ, കൂടുതൽ വലുതായത് ചർച്ചായി മാറ്റുകയോ ചെയ്തിരുന്നു. ഇവി

ടെയും എത്തുമ്പോൾ അത്ഭുതകരമായ ഒരു അവസ്ഥയാണ് ഉണ്ടാകുന്നത്. ജൽസയ്ക്കുമുമ്പേ ഒരു ദിവസം ഖുർത്തുബായിലെ പള്ളി കാണാൻ പോയിരുന്നു. ഇവിടെ പള്ളിയുടെ നടുഭാഗത്ത് ക്രിസ്ത്യാനികൾ ഒരു ചർച്ചുണ്ടാക്കിയിരിക്കുന്നു. എന്നാൽ, പള്ളിയുടെ ബാക്കിഭാഗം സുരക്ഷിതമാണ്. മിഹ്റാബ് തുടങ്ങിയവ. ആ ഭാഗത്തേക്ക് ആരെയും പോകാനനുവദിക്കുകയില്ല. എന്തായാലും ഞങ്ങളെ അവരതു കാണിച്ചു.

ആ ചർച്ചിന്റെ പ്രതിനിധി ഞങ്ങളെ സ്വീകരിച്ചു. അതിന്റെ താഴ്ഭാഗത്ത് കോൺഫ്രൻസ് ഹാളുണ്ടായിരുന്നു. വളരെ വലുതാണത്. അതിൽ ഞങ്ങളെ കൊണ്ടുപോയി. ഞങ്ങൾക്കു പള്ളിയാണ് കാണേണ്ടത് അവിടെ പോകേണ്ട ആവശ്യമെന്താണ് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. എനിക്കു തോന്നുന്നത് അവിടെയൊക്കെ കാണിക്കണമെന്ന നിർദ്ദേശം മുകളിൽ നിന്ന് അദ്ദേഹത്തിനു കിട്ടിയിരിക്കണമെന്നാണ്. അവിടെ കൊണ്ടുപോയി കോൺഫ്രൻസ് ഹാളിൽ, കോൺഫ്രൻസ് നടക്കുന്നതുപോലെ ഞങ്ങളെ ഇരുത്തി. അവിടെയും പാതിരി ഞങ്ങളെ സ്വാഗതം ചെയ്തു. ജമാഅത്തിനെക്കുറിച്ച് ആ പാതിരിക്കറിയാവുന്നത് നല്ലനിലയിൽ അദ്ദേഹം പറഞ്ഞു. അതിനുശേഷം ഞാനും ചിലവാക്കുകളിൽ നന്ദി രേഖപ്പെടുത്തി. നിങ്ങൾ പരസ്പരം ഐക്യത്തോടെ ജീവിക്കാനും, സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി നമ്മെ സൃഷ്ടിച്ചിട്ടുള്ള നമ്മുടെ ദൈവത്തെ തിരിച്ചറിയേണ്ടതുണ്ടെന്നും ഞാൻ പറഞ്ഞു. ഏകദൈവത്തിലേക്ക് വരേണ്ടിവരും. ഞാൻ പറഞ്ഞകാര്യങ്ങളെല്ലാം അദ്ദേഹം കേട്ടു. എന്നല്ല, സമയമുണ്ടെങ്കിൽ ഈ പട്ടണത്തിലെ എല്ലാ പാതിരിമാരേയും സംഘടിപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞു. അവരേയും ഉപദേശിക്കാൻ പറഞ്ഞു. ആദ്യം ഞങ്ങൾക്ക് ആ പരിപാടി ഉണ്ടായിരുന്നില്ല. അതുകൊണ്ട് അതു നടന്നില്ല. അവിടത്തെ മുബല്ലിഗുമാർ അവരുമായി ബന്ധം വയ്ക്കേണ്ടതാണ്.

പിന്നീട് ഇശ്ബീലിയ, ഇതിനെ സ്പാനിഷ് ഭാഷയിൽ സിവിയ്യാ എന്നാണ് പറയുന്നത്, അവിടെ പോയി. അവിടെയും ഒരു പള്ളിയുണ്ടായിരുന്നു. അതും ഇപ്പോൾ ചർച്ചായി മാറ്റിയിരിക്കുകയാണ്. അതിനോടൊപ്പം ഒരു കൊട്ടാരമുണ്ട്. അബ്ദുർറഹ്മാൻ ഒന്നാമന്റെ കാലഘട്ടത്തിൽ പണികഴിപ്പിച്ചതാണിത്. ഇവിടെയും ഞങ്ങളെ സ്വാഗതം ചെയ്തു. ഇവിടെയും സ്വാഗതം ചെയ്യുന്നവരുണ്ടാകുമെന്ന് എനിക്കറിയില്ലായിരുന്നു. പക്ഷേ, പാതിരി സാഹിബ് ഞങ്ങളെ സ്വാഗതം ചെയ്തു. സമ്മാനവും തന്നു. ഞാനും അദ്ദേഹത്തിന് ഇസ്ലാം മതതത്ത്വജ്ഞാനം തുടങ്ങിയ ലിറ്ററേച്ചറുകൾ കൊടുത്തു. ഒരു വിശുദ്ധഖുർആനും കൊടുത്തിരുന്നു. സ്വീകരണത്തിനുശേഷം ഞങ്ങൾ പള്ളിയും കണ്ടു. അതു ക്രിസ്ത്യൻ പള്ളിയാക്കി ഇപ്പോൾ മാറ്റിയിരിക്കുകയാണെന്ന് ഞാൻ പറഞ്ഞുവല്ലോ. അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ, ഈ പാതിരിമാർ ജമാഅത്തിനെ ഇങ്ങനെ ആദരിക്കാൻ കാരണമെന്താണെന്ന് അറിയില്ല. എന്തുകൊണ്ടാണ് അവർ ഇതിലേക്ക് ശ്രദ്ധിക്കുന്നത്. കുറച്ചുദിവസം മുമ്പേ ഇവിടെ ബയ്അത്തുൽ ഫുതൂഹിലും ഒരു കോൺഫ്രൻസ് നടന്നിരുന്നു; സമാധാന സമ്മേളനം. ഒരുപാടാളുകൾ ഇവിടെ വന്നിരുന്നു. വിവിധ മതാനുയായികളും, പാർലമെന്റംഗങ്ങളും, ചില പാതിരിമാരും ഒക്കെ വന്നിരുന്നു. നിങ്ങൾ പറയുന്നത് പ്രവർത്തിച്ചുകാണിക്കുന്നുവെന്നതിന് കഴിഞ്ഞനൂറു വർഷത്തെ ചരിത്രം സാക്ഷിയാണ്, നിങ്ങളുടെ പാഠവും പ്രവർത്തനവും ഒന്നാണ് അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ വരുന്നതെന്ന് ഒരു പാതിരി പറഞ്ഞതായി ആരോ എന്നോടു പറയുകയുണ്ടായി. ഇക്കാരണത്താലായിരിക്കാം അവർ ഇതിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങിയത്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. ജമാഅത്തിനെ സംരക്ഷിക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളതാണ്. ആ സംരക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും. അതുകൊണ്ട്, അവരുടെ ഈ ഭാഗത്തേക്കുള്ള ശ്രദ്ധയെക്കുറിച്ച് നമുക്ക് ഒരു ഭയവുമില്ല. സദുദ്ദേശ്യത്തോടെയാണെങ്കിൽ അല്ലാഹുതന്നെ അതിൽ അനുഗ്രഹമിടുന്നതാണ്. ദുരുദ്ദേശ്യമാണെങ്കിൽ അല്ലാഹുതന്നെ സംരക്ഷണത്തിനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

ഞാൻ ഇവിടത്തെ ഒരു പള്ളിയെക്കുറിച്ച് പറഞ്ഞിരുന്നു. ആ മസ്ജിദിന് മിനാരവുമുണ്ട്. നൂറു കണക്കിന്നടി ഉയരമുള്ളതാണത്. ഈ പട്ടണത്തിലെ ഏറ്റവും വലിയ കെട്ടിടമാണിത്. നല്ല വിസ്താരവുമുണ്ട്. ക്രിസ്ത്യൻ പള്ളികളിൽ ഉയരത്തിൽ മണിയടിക്കുന്നതുപോലെ, ഇവിടെയും മിനാരത്തിന്റെ മേൽ മണികെട്ടിത്തൂക്കിയിട്ടുണ്ട്. പടികൾക്കുപകരം മുകളിലെത്താൻ വേറെ സംവിധാനമാണുള്ളത്. അതിലൂടെ നടന്ന് മുകളിലെത്താം. വളരെ വിശാലമായ വഴിയാണ്. ഗൈഡ് പറഞ്ഞത്, രാജാവ് കുതിരപ്പുറത്ത് അതിന്റെ മുകളിൽ പോകാറുണ്ടായിരുന്നുവെന്നും അതിനാലാണ് പടികൾ ഉണ്ടാക്കാതിരുന്നതെന്നുമാണ്. ഈ മിനാരത്തിന്റെ മുകളിൽ സൈറണും ഘടിപ്പിച്ചിരുന്നു. അതു മുഴുവൻ പട്ടണത്തിലും കേട്ടിരുന്നു. ഇന്ന് ക്രിസ്ത്യൻ പള്ളിയിലെ മണികളടിക്കുന്നു. അതുകാണുമ്പോൾ ഹൃദയം വേദനിക്കുന്നു. മുസ്ലിംകൾ എങ്ങനെയാണ് തങ്ങളുടെ യശസ്സ് കളഞ്ഞുകുളിച്ചത്. ഏകനായ അല്ലാഹുവിന്റെ പേരിൽ നിർമ്മിക്കപ്പെട്ട കെട്ടിടത്തെ ബഹുദൈവാരാധനയുടെ സഞ്ചിയിൽ എങ്ങനെയാണ് അവർ ഇട്ടത്. ഈ യശസ്സിനെ വീണ്ടെടുക്കേണ്ടത് ഇന്ന് അഹ്മദികളുടെ ജോലിയാണ്. സ്നേഹവും സന്തോഷവും ദുആയും കൊണ്ടായിരിക്കണമത്. ഈ പള്ളിയോടൊപ്പം രാജാവിന്റെ കൊട്ടാരവുമുണ്ട്. ഈ കൊട്ടാരം, ഇതേ വരെ ഞാൻ സ്പെയിനിൽ കണ്ടി

ട്ടുള്ള കെട്ടിടങ്ങളിൽ - ഗർണാന്നെയിലെ അൽഹംറ കൊട്ടാരവും കണ്ടിരുന്നതിനെ അപേക്ഷിച്ച് ഇതു ചെറുതാണെങ്കിലും എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. അതിന്റെ ഒരു ഭാഗം ഇപ്പോഴും സ്പെയിനിലെ രാജാവ് ഇവിടെ വരുമ്പോൾ താമസിക്കുന്ന സ്ഥലമാണ് അതായത് സിവിയ്യായിൽ. ഈ കൊട്ടാരത്തിലും ഓരോയിടത്തും അക്കാലത്തെ ടെലിഗ്രാഫി സമ്പ്രദായം പോലെ ഖുർആനിക വചനങ്ങളും കലിമയും അൽഖുദ്റത്തുലില്ലാഹ്, അൽ ഇസ്സത്തുലില്ലാഹ് തുടങ്ങിയ വാക്കുകൾ എഴുതിയിട്ടുണ്ട്. ഇവിടെ എഴുതിയിട്ടുള്ള കലിമ കാണുമ്പോൾ, ഈ ക്രിസ്ത്യാനികൾ അവർക്ക് എല്ലാത്തരം ശത്രുതയും ശക്തിയും ഉണ്ടായിട്ടും കഴിഞ്ഞ 600 വർഷമായി ഈ കൊട്ടാരം അവരുടെ കൈയിലാണ്, ഈ കലിമയെ അവർ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു. എന്നാൽ, നമ്മുടെ നാട്ടിലെ നിർഭാഗ്യരായ മുല്ലാക്കമാർ, അഹ്മദികളോടുള്ള ശത്രുതയിൽ, കലിമ ചൊല്ലുന്നവരാണെന്ന് വാദിക്കുന്നവരായിട്ടുംകലിമ മായിക്കാനുള്ള തന്ത്രപ്പാടിലാണ്. ഞാൻ അവരോട് പറയുന്നു: പാക്കിസ്ഥാനിലെ മൗലവിമാരേ! അല്പം ചിന്തിക്കുക. അല്ലാഹു വിനെ അല്പം ഭയപ്പെടുക. ഈ പ്രവർത്തനങ്ങളിൽനിന്ന് പിന്മാറുക. നിങ്ങളുടെ ഈ പ്രവർത്തനം കാരണത്താൽ ഈ കലിമ നിങ്ങളെത്തന്നെ മായിച്ചു കളയാതിരിക്കട്ടെ. അല്ലാഹുവും ഒരു പരിധിവരെ ഇളവ് നല്കുന്നവനാണ്. ഇനിയും നിങ്ങൾ നിങ്ങളെ മാറ്റുന്നില്ലെങ്കിൽ തീർച്ചയായും നിങ്ങൾ വിപാടനം ചെയ്യപ്പെടും. അതുകൊണ്ട് അല്ലാഹുവിനോട് കരുണ ചോദിക്കുക. സ്വയം നന്നാക്കിത്തീർക്കുക.

സ്പെയിനിലെ ജൽസയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ വിജയമായിരുന്നു. ഭരണമന്ത്രാലയത്തിൽനിന്ന് ആദ്യമായി നമുക്ക് സന്ദേശവും അയച്ചുതന്നു. സർക്കാറിന്റെ പ്രതിനിധികൾ പങ്കെടുത്തു. നീതിന്യായവകുപ്പിന്റെ ഡയറക്ടർ വന്നിരുന്നു. വളരെ നല്ല പ്രതികരണമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു സ്പാനിഷ് പാതിരി ഞാനുമായി കണ്ടു. അദ്ദേഹം ഗ്രന്ഥമെഴുതുന്നയാളാണ്. തന്റെ ഗ്രന്ഥത്തിൽ അഹ്മദിയ്യത്തിനെക്കുറിച്ച് നല്ലരീതിയിൽ അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. ഞാനും പകുതി അഹ്മദിയാണെന്ന് അയാൾ പറഞ്ഞപ്പോൾ എന്തുകൊണ്ട് പൂർണ്ണഅഹ്മദിയാകുന്നില്ലാ എന്ന് ഞാൻ ചോദിച്ചു. സമയമായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. കുറച്ചു ഭയമുണ്ടായിരുന്നു അദ്ദേഹത്തിന്. മറ്റു ചില ക്രിസ്തീയ കുടുംബങ്ങളും കാണാൻ വന്നിരുന്നു. ഇക്വിഡോറിൽ നിങ്ങളുടെ രണ്ടുമൂന്നു കുടുംബങ്ങൾ ഉണ്ടായിരുന്നു. ഖുർത്തുബായിൽനിന്ന് ജൽസയിൽ പങ്കെടുക്കാൻ വന്നത്. ഏതോ അഹ്മദിയുടെ പരിചയക്കാരനാണ്. അവരിൽ വലിയ വിദ്യാസമ്പന്നയായ ഒരു സ്ത്രീയും ഉണ്ടായിരുന്നു. ഇവിടെ ഇത്ര ചെറിയ സ്ഥലത്ത് ഒരു ചെറിയ പള്ളിയാണ് നിങ്ങൾ ഉണ്ടാക്കിയിരുന്നത്. ഇങ്ങനെയാണെങ്കിൽ ഇവിടെ ആര് വരാനാണ്. ഏതുരീതിയിൽ നിങ്ങൾക്ക് സ്പെയിനിൽ വ്യാപിക്കാൻ കഴിയും. വലിയ പട്ടണങ്ങളിൽ പള്ളിയെടുക്കുക. എന്നാൽ കൂടുതൽ ജനങ്ങൾക്ക് പരിചയപ്പെടാൻ കഴിയും. എന്റെ ഉപസംഹാരപ്രസംഗത്തിനുശേഷമാണ് അവർ എന്നെ കണ്ടത്. ഇതൊരു ചെറിയ തുടക്കമാണെന്ന് ഞാൻ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. ഇൻശാഅല്ലാഹ് നാം ഇനിയും വേറെ പള്ളികൾ നിർമ്മിക്കുന്നതാണ്. ഇൻശാഅല്ലാഹ്, സ്പെയിൻ വീണ്ടും ഇസ്‌ലാമിനെക്കുറിച്ച് അറിയുന്നതാണ്. തദ്ദേശവാസികളായ സ്പെയിൻകാരും ജൽസയിൽ പങ്കെടുത്തിരുന്നു. അവർക്കും വളരെ സന്തോഷമായിരുന്നു. ഈ കാര്യങ്ങൾ കാണുമ്പോൾ സ്പെയിനിൽ പള്ളികൾ നിർമ്മിക്കേണ്ടതാണെന്ന് എനിക്കുതോന്നി. ഖുത്ബയിൽ ഞാനിതിനെക്കുറിച്ച് പറയുകയും ചെയ്തിരുന്നു. അമീർസാഹിബിനോടും പറഞ്ഞിരുന്നു. അദ്ദേഹം വളരെ വിഷമത്തിലായിരുന്നു. കൂടിവന്നാൽ ഇത്ര തുക ഞങ്ങൾക്കു സംഘടിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം പേടിച്ച് പേടിച്ച് എന്നോടു പറഞ്ഞു. വെള്ളിയാഴ്ച ഞാൻ ഖുത്ബ കൊടുത്തു. ശനിയാഴ്ചയായിരുന്നു എന്റെ മടക്കം. ആ ഒറ്റ രാത്രിതന്നെ അദ്ദേഹം പറഞ്ഞതിനെക്കാൾ 1500 കൂടുതൽ വാഗ്ദാനം ലഭിക്കുകയും, അതു അവർ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇരട്ടിയിലേറെ തുക അവർ സ്വരൂപിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇപ്രകാരം തന്നെ ലോകത്തുള്ള അഹ്മദികളും വാഗ്ദാനം എഴുതിക്കുകയും, കൊടുത്തുവരികയും ചെയ്യുന്നു. ഞാൻ അവിടെ പറഞ്ഞത് ചെറിയ പ്ലോട്ട് വാങ്ങാനാണ്. ഇപ്പോൾ എനിക്കുതോന്നുന്നത് അല്ലാഹു നല്കിയ അനുഗ്രഹത്താൽ വലിയ പ്ലോട്ട് വാങ്ങണമെന്നാണ്. അല്ലാഹു സഹായിക്കുമാറാകട്ടെ.

സ്പെയിനിനെക്കുറിച്ച് മറ്റൊരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്. യൂറോപ്പിലെ ധാരാളം അഹ്മദികൾ സ്പെയിൻ സന്ദർശിക്കാറുണ്ട്. അല്ലെങ്കിൽ മറ്റു സ്ഥലങ്ങൾ സന്ദർശിക്കുന്നു. അവർ മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നതിനുപകരം സ്പെയ്നിലേക്കു പോകുകയാണെങ്കിൽ അത് ഉത്തമമായിരിക്കും. ഹസ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റ ഹ്) ഒരിക്കൽ സ്പെയ്നിൽ വഖ്ഫെ ആർസിയായി പോകാൻ പറഞ്ഞിരുന്നു. അവിടെ സന്ദർശിക്കാനും അല്ലാഹുവിന്റെ സന്ദേശമെത്തിക്കാനും അവസരം ലഭിക്കുന്നതാണ്. ഇതിലേക്ക് ഞാൻ വീണ്ടും അഹ്മദികളുടെ ശ്രദ്ധക്ഷണിക്കുകയാണ്. വഖ്ഫെ ആർസിയിലൂടെ സ്പെയിനിൽ പോകാനാഗ്രഹിക്കുന്നവർ നിങ്ങളുടെ രാജ്യത്തെ അമീർമാർ മുഖേന വക്കാലത്തു തബ്ശീറിൽ നിങ്ങളുടെ പേരെഴുതിക്കുക. ഇപ്രകാരം തന്നെ, സ്പെയിനിൽനിന്ന് ഏഷ്യയിലേക്ക് ടൂറിസ്റ്റായി പോകുന്ന ആളുകളുമായി ബന്ധം സ്ഥാപിക്കാനും ഹുസൂർ പറഞ്ഞിരുന്നു.

നമ്മുടെ വീട്ടിൽ അവരെ അതിഥികളാക്കി താമസിപ്പിക്കുകയാണെങ്കിൽ അതുമുഖേനയും പരിചയമുണ്ടാകും. ഈ പദ്ധതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് എനിക്കു പരിശോധിക്കേണ്ടതുണ്ട്. ആവശ്യമുണ്ടെങ്കിൽ പരിശോധനയ്ക്കുശേഷം ജമാഅത്തിനോട് പറയുന്നതാണ്. നല്ലടൂറിസ്റ്റുകളെക്കുറിച്ച് വിവരം ശേഖരിക്കാനും പറഞ്ഞിരുന്നു. സ്പെയ്നിലെ ജമാഅത്തും ഒരുപാട് പ്രവർത്തിക്കേണ്ടതുണ്ട്. ഈ പ്രവർത്തനം എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. സ്പെയ്നിലെ പര്യടനംകൊണ്ട് മറ്റൊരു നേട്ടവുമുണ്ടായി. അതിന്നടുത്ത രാജ്യമായ പോർച്ചുഗൽ നിന്ന് ജമാഅത്തംഗങ്ങൾ ജൽസയിൽ പങ്കെടുക്കാൻ അവിടെ വന്നിരുന്നു. അവരുടെ മജ്ലിസെ ആമിലായുടെ മീറ്റിംഗും നടന്നു. ഇതുവരെ നമുക്കവിടെ ഒരു പള്ളിയില്ല. പള്ളിയില്ലാത്ത കാരണത്താൽ നവാഗതരായ അഹ്മദികളുടെ സംരക്ഷണം ദുഷ്ക്കരമായിത്തീരുന്നു. കാരണം മുസ്ലിംകളിൽനിന്ന് ആഫ്രിക്കക്കാരും, അറബികളുമാണ് അഹ്മദിയ്യത്തിൽ വന്നുകൊണ്ടിരിക്കുന്നത്. പള്ളിയില്ലാത്ത കാരണത്താൽ അവർ നിരാശരായിത്തീരുന്നു. ഞാനവരോട്, എത്രയും വേഗം പള്ളിനിർമ്മിക്കാൻ പറഞ്ഞിട്ടുണ്ട്. അവിടെ അല്ലാഹുതആല നമുക്കു നല്ലൊരു സാഹചര്യം ഒരുക്കിത്തന്നിട്ടുണ്ട്. അതുവിജയിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവിടെനിന്നുതന്നെ പള്ളിനിർമ്മാണചെലവ് ലഭിക്കുന്നതാണ്. പഴയ ഒരു വീടുണ്ട്. അത് വിറ്റ് പുതിയ സ്ഥലം വാങ്ങാൻ കഴിയും. പള്ളിനിർമ്മാണവും അങ്ങനെ നടക്കുന്നതാണ്. ബാക്കിയുള്ളത് കേന്ദ്രവും ചെയ്യുന്നതാണ്. ദുആ ചെയ്യുക. അല്ലാഹുതആല ഈ എല്ലാ പദ്ധതികളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.

യൂറോപ്പിലെ ഓരോ രാജ്യത്തും ഓരോ നഗരത്തിലും പള്ളി പണിയിൽ നാം ശ്രദ്ധിക്കേണ്ടതാണ്. ഇൻശാഅല്ലാഹ് ഈ ജോലി നടക്കുന്നതാണ്. അല്ലാഹു നമുക്കു തൗഫീഖ് നല്കാനാണ് ദുആ ചെയ്യേണ്ടത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനം പൂർത്തിയാകുന്നത് കാണാനുള്ള ഭാഗ്യവും നമുക്കുലഭിക്കാൻ ദുആ ചെയ്യുക. അവിടന്ന് പറയുന്നു.

നോക്കുക, ആ കാലം ഓടിവരികയാണ്. എന്നല്ല അത് സമീപസ്ഥമാണ്. അല്ലാഹു ഈ ജമാഅത്തിന് ലോകത്ത് വലിയ സ്വീകരണം നല്കും. ഈ ജമാഅത്ത് കിഴക്കും പടിഞ്ഞാറും തെക്കുംവടക്കും പരക്കുന്നതാണ്. ലോകത്ത് ഇസ്ലാം കൊണ്ടുള്ള ഉദ്ദേശ്യം ഈ ജമാഅത്തിനായിരിക്കും. ഇതു മനുഷ്യൻ പറയുന്ന കാര്യങ്ങളല്ല. ഒന്നും മറഞ്ഞിരിക്കാത്ത ആ അല്ലാഹുവിന്റെ വെളിപാടാണിത്.

ഇതിനാൽ വളരെ സംക്ഷിപ്തമായി, കഴിഞ്ഞ ദിവസങ്ങളിൽ ഭൂകമ്പമുണ്ടായപ്പോൾ ജമാഅത്തു ചെയ്ത സേവനത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്.

ദുരന്തങ്ങളിൽ അകപ്പെട്ടവർക്കുവേണ്ടിയുള്ള സേവനം, അവരോടുള്ള സഹാനുഭൂതി നബി(സ)യുടെ സുന്നത്താണ്. അവശരെ സഹായിക്കാൻ നമ്മോടു കല്പിച്ചിട്ടുമുണ്ട്. നബി(സ)ന് ആദ്യമായി വഹ്യ് ഉണ്ടായപ്പോൾ അവിടന്ന് പരിഭ്രമിച്ചു. ആ സമയത്ത് ഹസ്റത്ത് ഖദീജ(റ) നബി(സ)യെ സമാധാനിപ്പിച്ചുകൊണ്ടുപറഞ്ഞ കാര്യങ്ങളിൽ ഒന്ന്, താങ്കൾ ജനങ്ങൾക്കുപെട്ടെന്നുണ്ടാകുന്ന വിപത്തുകളിൽ അവരെ സഹായിക്കുന്നു. അതുകൊണ്ട് അല്ലാഹു താങ്കളെ എങ്ങനെ അപമാനിക്കാനാണ്. കഠിന ഹൃദയത്തിൽ മൃദുത്വം ഉണ്ടാക്കണമെങ്കിൽ, മിസ്ക്കീൻമാർക്ക് ഭക്ഷണം നല്കാനും, യതീംകളെ സംരക്ഷിക്കാനും നബി(സ)പറഞ്ഞു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: യഥാർത്ഥ നന്മ ചെയ്യുന്നവരുടെ പ്രത്യേക സ്വഭാവമാണിത്; അവർ അല്ലാഹുവിന്റെ സ്നേഹത്തിനുവേണ്ടിമാത്രം തങ്ങൾ ഇഷ്ടപ്പെടുന്ന ഭക്ഷണം മിസ്കീൻമാർക്കും യത്തീമുകൾക്കും തടവുകാർക്കും നല്കുന്നു. അവർ പറയുന്നു, ഞങ്ങൾ നിങ്ങളോട് ഔദാര്യമൊന്നുമല്ല ചെയ്യുന്നത്. ഞങ്ങൾ ഇതു ചെയ്യുന്നത് അല്ലാഹു ഞങ്ങളെ ഇഷ്ടപ്പെടുന്നതിനുവേണ്ടിമാത്രമാണ്. അവന്റെ കടാക്ഷത്തിനുവേണ്ടിയാണ് സേവനം ചെയ്യുന്നത്. ഞങ്ങൾ നിങ്ങളിൽനിന്ന് പകരം ഒന്നും ആഗ്രഹിക്കുന്നില്ല. ഞങ്ങളെ ഓർത്ത് നിങ്ങളിരിക്കണമെന്നും ആഗ്രഹിക്കുന്നില്ല.

ഇതനുസരിച്ച്, ജമാഅത്തംഗങ്ങൾ വിവിധ രാജ്യങ്ങളിൽ - ഈ ഭൂകമ്പ ബാധിതരാജ്യങ്ങളിൽ വിവിധ രീതിയിൽ ദുരന്തങ്ങളിൽപ്പെട്ടവരെ സഹായിക്കുകയുണ്ടായി. ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഇതിനെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുമാണ്.

ഏകദേശം രണ്ടരലക്ഷം ആളുകൾ മരിച്ചതായിട്ടാണ് കണക്ക്. ഇതിനെക്കാൾ കൂടുതലുമാകാം.

ജമാഅത്തിന്റെ സൃഷ്ടിസേവനസ്ഥാപനമായ ഹ്യുമാനിറ്റി ഫസ്റ്റിന്റെ കീഴിൽ വിവിധ രാജ്യങ്ങൾക്ക് സഹായമെത്തിക്കാൻ ഏല്പിച്ചിരുന്നു. ഇതിന്റെ കീഴിൽ ജർമ്മനി ജമാഅത്തും ഭാരതവും ചേർന്നുകൊണ്ട് ഭാരതത്തിൽ സൃഷ്ടിസേവനം നടത്തി. ചികിത്സയും മറ്റും അവിടെ നടത്തിവരുന്നു. 4500വോളം രോഗികളെ ചികിത്സിച്ചുകഴിഞ്ഞിരിക്കുന്നു. 3500വോളം ആളുകൾക്ക് ഭക്ഷണമെത്തിച്ചു. ഹ്യുമാനിറ്റിഫസ്റ്റ് മുഖേന ഏകദേശം ഏഴു ലക്ഷമോ അതിലധികമോ യു.കെ ജമാഅത്തു നല്കി. എട്ടു ലക്ഷം ഡോളറിന്റെ മേലെയാണ്. ഒരു മില്യൻ ഡോളർ നല്കണമെന്നാണ് ഇവർകരുതുന്നത്. ഇതിനുപുറമെ ലോകത്തുള്ള എല്ലാ ജമാഅത്തുകളും അവരവരുടെ കഴിവനുസരിച്ച് പ്രവർത്തിക്കണം. നമ്മുടെ കഴിവ് വളരെ കുറവാണ്. ആഗ്രഹമുണ്ടെങ്കിലും പൂർണ്ണമായ നിലയിൽ ഒന്നും ചെയ്യാനും നമുക്ക് പറ്റാത്ത സ്ഥിതിയാണ്. പക്ഷെ, സ്ഥിരമായി

ട്ട് നമ്മൾ ചെയ്യുന്നു. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്.

ഇവിടെ നിന്ന് ശ്രീലങ്കയിലേക്കും ഡോക്ടർമാരുടെ ഒരു സംഘത്തെ അയച്ചിരുന്നു. അതിന്റെ റിപ്പോർട്ടും നിങ്ങൾ കേട്ടിട്ടുണ്ടാകും. അവരും നിത്യവും സേവനം ചെയ്തുകൊണ്ടിരുന്നു. കേടുപറ്റിയ വള്ളങ്ങൾ മുക്കുവന്മാർക്ക് നന്നാക്കിക്കൊടുത്തു.

സുനാമി ദുരന്തത്തിന്റെ എപിക്സെന്റർ ആയിരുന്ന ഇന്തോനേഷ്യയിൽ ബന്ദേആച്ഛ എന്ന ഒരു സ്ഥലമുണ്ട്. വളരെ സ്വാധീനമുള്ള സ്ഥലമാണിത്. ഇവിടെ എത്രമാത്രം ഉയരത്തിലാണ് തിരമാലകൾ അടിച്ചുയർന്നതെന്നാൽ മൂന്നുനാലുനിലകളുള്ള കെട്ടിടങ്ങളുടെ മുകളിൽ കപ്പലുകളും വള്ളങ്ങളും ഉറച്ചുനിന്നുപോയി. മൈലുകളോളം ജനവാസമുള്ള സ്ഥലം ശൂന്യമാക്കിക്കളഞ്ഞു.

അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇവിടെ ദുരന്തബാധിതർക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്തത്. മറ്റൊരു സംഘടനയും സേവനത്തിനായി ഇവിടെ എത്തിയില്ല. ലാംനോയിലും എണ്ണൂറോളമാളുകൾ രക്ഷപ്പെട്ടിരുന്നു. അവരേയും നിത്യവും സേവിച്ചുവരുന്നു. 40 ഖുദ്ദാം ഈ പ്രവർത്തനത്തിനായി അവിടെയുണ്ട്. അടുത്ത രണ്ടുമാസം വരെ രക്ഷപ്പെട്ട ആളുകൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഈ ജനങ്ങൾക്കിടയിൽ മറ്റുള്ള എല്ലാ സംഘടനകളും ഹ്യുമാനിറ്റിഫസ്റ്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. അമേരിക്കൻ ജമാഅത്ത് അവിടെ അമ്പത് വാട്ടർപമ്പ് ഘടിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. കാരണം അവിടെ കുടിവെള്ളക്ഷാമമുണ്ട്. ഇന്തോനേഷ്യ, യു.കെ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് 24 ഡോക്ടർമാരും, 6 ഹോമിയോപ്പതി ഡോക്ടർമാരും മറ്റു ആറുപേരും അടങ്ങുന്ന സംഘവും കൂടാതെ 74 ഖുദ്ദാമും ഇവിടെ പ്രവർത്തിക്കുന്നു. ആദ്യം ഒരുപാട് രോഗികളെ അവർ ചികിത്സിച്ചിരുന്നു.

ഇന്തോനേഷ്യയിൽ ഭാരതത്തിൽ നിന്നും പാക്കിസ്ഥാനിൽനിന്നും 250 വോളം പട്ടാളക്കാർ സഹായത്തിനായി എത്തിയിരുന്നു. ഇന്തോനേഷ്യൻ സർക്കാരിനെ ഹ്യുമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനം വളരെയധികം ആകർഷിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ അവരും ഹ്യുമാനിറ്റി ഫസ്റ്റുമായി ചേർന്നാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഫെബ്രുവരിയിൽ ഞങ്ങൾ തിരിച്ചുപോകുമ്പോൾ, ഞങ്ങളുടെ ഉടമസ്ഥതയിലുള്ള ഈ ആശുപത്രി നിങ്ങൾ തന്നെ നോക്കി നടത്തണമെന്ന് പാക്കിസ്ഥാൻ പട്ടാളം നമ്മുടെ ഹ്യുമാനിറ്റി ഫസ്റ്റ് പ്രവർത്തകരോട് പറഞ്ഞു. ഇക്കാര്യം ചില മുല്ലാക്കമാർ അറിഞ്ഞാൽ ശക്തമായി എതിർക്കും. യതീംകളുടെ പരിപാലനത്തെക്കുറിച്ച് ഒരുപാടാളുകൾ എനിക്കെഴുതുകയുണ്ടായി. ഒരുപാട് കുട്ടികൾ അവിടെ യതീം ആയിട്ടുണ്ട്. ക്രിസ്ത്യാനികൾ അവിടെ വന്ന് കുട്ടികളെ ദത്തെടുക്കുന്നു എന്നും അറിഞ്ഞു. അങ്ങനെ അവർ ക്രിസ്ത്യാനികളായിത്തീരും. മുസ്ലിം കുട്ടികൾ മുസ്ലിംകളായി തന്നെ ഇരിക്കേണ്ടതാണ്. അതുകൊണ്ട് ഞങ്ങൾ ഇത്ര കുട്ടികളെ വളർത്തുന്നതാണെന്ന് അറിയിച്ചിരുന്നു. ഇതുവരെ കിട്ടിയ റിപ്പോർട്ടനുസരിച്ച്, യതീംകളെ സംരക്ഷിക്കാൻ മറ്റുള്ളവരെ ഏല്പിച്ചുകൊടുക്കണ്ടായെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. കാരണം, ബോസ്നിയായിലെയും അൽബേനിയായിലെയും അനുഭവം അവർക്കുണ്ട്. മുസ്ലിം കുട്ടികൾ ക്രിസ്ത്യാനികളായിത്തീരാൻ പാടില്ല. അതുകൊണ്ടാണ് അവർ ഈ തീരുമാനം എടുത്തത്. അവിടെയുള്ള 200 യതീംകുട്ടികളെ ജമാഅത്ത് സംരക്ഷിക്കുന്നതാണ്. നമ്മുടെ കഴിവനുസരിച്ച് മുസ്ലിം വീടുകളിൽതന്നെ കുട്ടികളെ അയക്കുകയാണെങ്കിൽ, കുട്ടികളെ അതിനായി വിട്ടുതരുമോ എന്നും അന്വേഷിച്ചുവരികയാണ്.

ഇപ്രകാരം തന്നെ ഇന്തോനേഷ്യൻ എമ്പസ്സി, തങ്ങൾക്കു ഒരുപാട് സഹായങ്ങൾ കിട്ടിയിട്ടുണ്ടെന്നും, പക്ഷേ നിങ്ങൾ ആഫ്രിക്കയിൽ ദരിദ്രരെ സഹായിക്കുന്നതുപോലെ ഞങ്ങളെയും സഹായിക്കണം എന്നതാണ് ഞങ്ങളുടെ ആവശ്യമെന്നും ഹ്യുമാനിറ്റി ഫസ്റ്റിനോട് പറഞ്ഞിരിക്കുന്നു. ഈ പരിപാടിയനുസരിച്ച് ഇന്തോനേഷ്യൻ എമ്പസ്സി, ഇവിടെ താമസിച്ചുവരുന്ന ഇന്തോനേഷ്യക്കാരോടും മറ്റു മുസ്ലിംകളോടും, ജമാഅത്തു യുകെയുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചിരിക്കുന്നു. നിങ്ങൾ അഹ്മദികളിൽനിന്ന് സഹായം തേടുന്നു. അവർ അമുസ്ലിംകളാണ്; എന്ന ആക്ഷേപം ചിലയാളുകൾ ഉയർത്തിയിട്ടുണ്ട്. ആക്ഷേപം ഉടനെതന്നെയുണ്ടാകുമല്ലോ. ഈ ആക്ഷേപത്തിൽ എമ്പസ്സിക്കാർ അത്ഭുതപ്പെട്ടു. അവിടെ ജനങ്ങൾ പട്ടിണികിടന്നു ചാകുമ്പോൾ, ഇവിടെ മുസ്ലിമാണോ അമുസ്ലിമാണോ എന്ന കലഹം അഴിച്ചുവിടുന്നു. ഈ മുല്ല ഒരിക്കലും സൃഷ്ടിസേവനം ആഗ്രഹിക്കുന്നവരല്ല. ഇവരുടെ കൈയിൽ ഫിത്നയും ഫസാദുമല്ലാതെ ഒന്നും തന്നെയില്ല. ഇപ്പോൾ വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 40 അടി നീളമുള്ള 13 കണ്ടയ്നറുകൾ ജമാഅത്തു മുഖേന അവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു. രണ്ടു ലക്ഷത്തിനാല്പത്തി അയ്യായിരം കിലോ സാധനങ്ങളാണ് കൊണ്ടുപോയത്. ഇതിൽ 38,000 കിലോ ഭക്ഷണസാധനങ്ങളാണ്. ഒരു ലക്ഷത്തിമുപ്പതിനായിരം കിലോ വസ്ത്രങ്ങളും മറ്റുമാണ്. അല്ലാഹുതആല നമ്മുടെ നിസ്സാരമായ ഈ പരിശ്രമം സ്വീകരിക്കുമാറാകട്ടെ. ഒരു ഭയവും കൂടാതെ, ഒരു പേരും ആഗ്രഹിക്കാതെ ഈ പ്രവർത്തനത്തിലേർപ്പെടുക. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ലോകത്തിന്റെ കണ്ണുകൾ അല്ലാഹു തുറക്കുമാറാകട്ടെ; അവർ ഏകനായ ദൈവത്തെ തിരിച്ചറിയുന്ന

വരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായിത്തീരട്ടെ. ആമീൻ

**രണ്ടാം ഖുത്ബയിൽ ഹുസൂർ പറഞ്ഞു.**

ഒരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച പെരുന്നാളായിരുന്നു. പെരുന്നാൾ മാത്രമാണ് നമസ്കരിച്ചത്. ജുമുഅ നമസ്കരിച്ചിരുന്നില്ല. ചിലയാളുകൾ സംശയങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ ഇവിടെ പെരുന്നാളും നമസ്കരിച്ചും ജുമുഅയും നമസ്കരിച്ചു. ജുമുഅ നമസ്കരിക്കേണ്ടതില്ലായിരുന്നു. അങ്ങ് ജുമുഅ നമസ്കരിച്ചില്ല. നബി(സ) ഇളവു നല്കിയിട്ടുണ്ട്. ജുമുഅ നമസ്കരിച്ചിട്ടുണ്ടെങ്കിൽ അത് സുന്നത്തനുസരിച്ച് തന്നെയാണ്. ഒരു കുഴപ്പവുമില്ല. ചില പ്രത്യേക സാഹചര്യത്തിൽ, ഇളവ് പ്രയോജനപ്പെടുത്തുകയാണെങ്കിൽ, അതിലും കുഴപ്പമൊന്നുമില്ല. ഇവിടെ ചില രാഷ്ട്രങ്ങളിൽ പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ, (സമയം അധികമില്ലാത്തതുകൊണ്ട്) വീണ്ടും പെട്ടെന്ന് സംഘടിപ്പിക്കുക പ്രയാസമുണ്ടാക്കും. അതുകൊണ്ടാണ് ഇളവ് പ്രയോജനപ്പെടുത്തിയത്. ഇസ്ലാം എളുപ്പത്തിന്റെ മതമാണ്. അതുകൊണ്ട് നബി(സ) രണ്ടു രീതിയിലും കാര്യങ്ങൾ തുറന്നു പറഞ്ഞു. അന്നേ ദിവസം കാനഡയിൽനിന്ന് നസീം മഹ്ദി സാഹിബിന്റെ മുബാറക് ബാദ് പറഞ്ഞുകൊണ്ടുള്ള ഫാക്സ് വന്നിരുന്നു. അതിൽ ഇക്കാര്യവും സൂചിപ്പിച്ചിരുന്നു. അങ്ങ് ജുമുഅ ഉണ്ടാകുകയില്ലെന്ന് പറഞ്ഞപ്പോൾ അതിൽ നിന്ന് ഞങ്ങളും ഫലമെടുത്തു. കാരണം അവിടെ – 35° ആയിരുന്നു ടെമ്പറേച്ചർ, കഠിനമായ തണുത്തകാറ്റും അടിച്ചുകൊണ്ടിരുന്നു. 7500 വോളം ആളുകൾ നമസ്കാരത്തിനായി എത്തിയിരുന്നു. അതുകൊണ്ട് ഞങ്ങളും ജുമുഅ നമസ്കരിച്ചില്ല.

ചില പ്രത്യേക സാഹചര്യത്തിൽ ഈ ഇളവ് പ്രയോജനപ്പെടുത്തുകയാണെങ്കിൽ അതു കുറ്റകരമാവുകയില്ല. ഇനി നമസ്കരിച്ചിട്ടുണ്ടെങ്കിൽ അതിലും പ്രശ്നമൊന്നുമില്ല. ഹദീസും ഞാൻ കേൾപ്പിക്കാം.

ഹസ്റത്ത് ഇബ്നുഉമർ (റ) നിവേദനം ചെയ്യുന്നു. നബി(സ)ന്റെ കാലത്ത് ഒരു ദിവസം ജുമുഅയും പെരുന്നാളും ഒരുമിച്ചുവന്നു, നബി(സ) പെരുന്നാൾ നമസ്കരിപ്പിച്ചു. എന്നിട്ട് പറഞ്ഞു, ജുമുഅയ്ക്കു വരാനാഗ്രഹിക്കുന്നവർ വരിക. ജുമുഅ നമസ്കാരത്തിന് വരാൻ പറ്റാത്തവർ വരേണ്ടതില്ല.

അപ്പോൾ ഇതൊരു ഇളവാണ്. സാഹചര്യമനുസരിച്ചാണ് തീരുമാനമെടുക്കുന്നത്. തീർച്ചയായും നാം ജുമുഅ നമസ്കരിക്കുകയില്ലെന്നോ അല്ലെങ്കിൽ നമസ്കരിക്കുമെന്നോ എന്നൊന്നുമില്ല. സാഹചര്യമനുസരിച്ച് നാം പ്രവർത്തിക്കുന്നതാണ്.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on
28 - 01 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**